# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**
**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 97/25 തിയ്യതി : 29.03.2025

**ഹാജർ**

| | | |
|---|---|---|
| ടി.എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ.അസിയ.പി.കെ | - | മെമ്പർ |

ബിനു വിജയശങ്കർ
കൺസ്യൂമർ നമ്പർ : 14441 - C
പെന്റ്പാർക്ക് അപ്പാർട്ട്മെന്റ് — പരാതിക്കാർ
പൊറ്റയിൽ ലെയിൻ
പുത്തോൾ, തൃശ്ശൂർ - 680 004.

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം — എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

കൺസ്യൂമർ നമ്പർ 14441 - C ഉപഭോക്താവ് ഏക വ്യക്തി മാത്രമാണ് താമസിക്കുന്നത്. വൈദ്യുതി ബിൽ കൂടുതലായി വരുന്നു. പരിശോധിച്ച് ആയതിന് പരിഹാരം നിർദ്ദേശിക്കുന്നതിനും, ബിൽ കുറവാക്കി തരുന്നതിനും ആണ് പരാതി.

**ഫോറത്തിൻെറ നടപടികൾ :**

06.01.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. 03.03.2025 ന് 2.00 പി.എം. ന് ഫോറം മുൻപാകെ ഹാജരാകുന്നതിന് അറിയിച്ചു. ഒറ്റയ്ക്കാണ് താമസം. ബില്ല് കൂടുതലാണ് എന്ന് പരാതി അറിയിച്ചു. മീറ്റർ പരിശോധിച്ച് വിശദമായി ഫോറത്തെ അറിയിക്കുന്നതിന് ലൈസൻസിയെ പ്രതിനിധീകരിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിച്ചു. ഉപഭോക്താവിൻെറ ആവറേജ് 1 വർഷത്തെ റീഡിംഗ് ലഭ്യമാക്കുന്നതിനും അറിയിച്ചു.

**വിഷയത്തിൽ ബില്ലിങ്ങ് വിഭാഗം സൂപ്രണ്ട് സമർപ്പിച്ച സത്യവാങ്മൂലം.**

കൺസ്യൂമർ നമ്പർ : 14441 - C, 19/10-3 കണക്ഷൻ ശ്രീ. ബിനുവിജയശങ്കറിൻെറ പേരിൽ ഗാർഹികാവശ്യത്തിനായി 09.02.2010 ൽ 12 കി.വാട്ടിൽ നൽകിയിട്ടുള്ളതാണ്. ടി കണക്ഷനിൽ EW3 – 2971/2023 ഫയൽ പ്രകാരം ജീവൻ രക്ഷാ ഉപകരണം ഉപയോഗിച്ചു വരുന്നതിനാൽ 200 യൂണിറ്റ് സബ്സിഡി നൽകി വന്നിട്ടുള്ളതാണ്. ഡിസംബർ 2023, ഫെബ്രുവരി 2024, ആഗസ്ത് 2024, ഒക്ടോബർ 2024 ബില്ലുകളിൽ ടി കണക്ഷനിൽ എനർജി ചാർജ്ജിന് 200 യൂണിറ്റ് സബ്സിഡി നൽകിയിട്ടുള്ളതാണ്. എന്നാൽ പാർട്ടി EW3 – 8059/2024 ഫയൽ പ്രകാരം നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ നിലവിൽ സബ്സിഡി ഒഴിവാക്കിയിട്ടുണ്ട്.

ടി കണക്ഷൻെറ ഏപ്രിൽ 2022 മുതൽ ജൂൺ 2023 വരെയുളള റീഡിങ്ങ് പരിശോധിച്ചപ്പോൾ ടി കണക്ഷനിൽ 600 യൂണിറ്റ് കൂടുതൽ ഉപയോഗം വന്നിട്ടുളളതാണ്. ആയത് സബ്സിഡി നൽകുന്ന കാലഘട്ടമാണ്. ഒക്ടോബർ 2022 മുതൽ ജൂൺ 2023 വരെ

| | | |
|---|---|---|
| ഏപ്രിൽ 2022 | - | 632 |
| ജൂൺ 2022 | - | 552 |
| ആഗസ്ത് 2022 | - | 560 |
| ഒക്ടോബർ 2022 | - | 599 |
| ഡിസംബർ 2022 | - | 575 |
| ഫെബ്രുവരി 2023 | - | 574 |
| ഏപ്രിൽ 2023 | - | 671 |
| ജൂൺ 2023 | - | 620 |

നിലവിൽ ഡിസംബർ 2024 ബിൽ പ്രകാരം 492 യൂണിറ്റ് ആണ്.

**<u>അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട്.</u>**

19/10/3, എന്ന കെട്ടിട നമ്പറിൽ നൽകിയിരിക്കുന്ന 14441 - C എന്ന കണക്ഷൻെറ മീറ്റർ ചെക്ക് മീറ്റർ വച്ച് പരിശോധിച്ചതിൽ നിന്നും മീറ്ററിന് തകരാർ ഇല്ല എന്ന് ബോധ്യപ്പെട്ടിരിക്കുന്നത് റിപ്പോർട്ട് ചെയ്യുന്നു. മീറ്റർ പരിശോധിച്ചതിൻെറ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

**<u>ഫോറത്തിൻെറ നിഗമനം :</u>**

പരാതിക്കാരൻെറ മീറ്റർ, മറ്റൊരു മീറ്റർ (ചെക്ക് മീറ്റർ) ഉപയോഗിച്ച് 6 ദിവസം പരിശോധിച്ചു. മീറ്ററിൽ അപാകത ഒന്നും ഇല്ല എന്ന് ബോധ്യപ്പെടുത്തി. ഇതോടൊപ്പം അപേക്ഷകൻ 23.12.2023 മുതൽ 24.02.2025 വരെയുളള 8 ബില്ലുകൾ പരിശോധിച്ചതിൽ ലഭ്യമായ തിയ്യതി യൂണിറ്റ്, തുക എന്നിവ താഴെ പറയുന്ന പ്രകാരമാണ്.

| തിയ്യതി | യൂണിറ്റ് | തുക |
|---|---|---|
| 24.02.2025 | LP - 295 | 1870/- |
| 24.12.2024 | 492 | 3481/- |
| 24.10.2024 | 165 | 993/- |
| 23.08.2024 | 229 | 1385/- |
| 27.06.2024 | 459 | 2763/- |
| 28.04.2024 | 522 | 4219/- |
| 25.02.2024 | 167 | 1075/- |
| 23.12.2023 | 337 | 2027/- |

യൂണിറ്റ് പരിശോധിച്ചതിൽ ആവറേജ് രണ്ട് മാസത്തേക്ക് 338 യൂണിറ്റ് വരുന്നുണ്ട്. (പ്രതിമാസം 169 യൂണിറ്റാണ് വരുന്നത്.)

**<u>ഉത്തരവ് നടപടികൾ :</u>**

മീറ്ററിൽ അപാകത ഇല്ലാത്ത സാഹചര്യത്തിലും പ്രതിമാസം 169 യൂണിറ്റിൻെറ ഉപയോഗം ആണ് വരുന്നത് എന്നതിനാലും ബില്ലിൽ അപാകത ഇല്ല, മാറ്റം വരുത്തേണ്ടതില്ല എന്ന് ഉത്തരവാകുന്നു.

**അഡ്വ. അസിയ.പി.കെ**
മെമ്പർ

വിനുകൃഷ്ണൻ.കെ
മെമ്പർ

ടി.എസ്. ജോസ്
ചെയർപേഴ്സൺ